കാലുപിടിച്ച് മതവിശ്വാസികളുടെ വോട്ടു വാങ്ങി അധികാരത്തിൽ കഴിയുന്ന മുഖ്യമന്ത്രി അവരെ വഞ്ചിച്ചിരിക്കുകയാണ്. കേരളാ കോൺഗ്രസ്സുകാർക്കും ലീഗുകാർക്കും മിണ്ടാട്ടമില്ല. പി. വി. സി. പൈപ്പ് ഇറക്കിയിരിക്കയാണ്. നാണമുണ്ടെങ്കിൽ അവർ ഇറങ്ങിപ്പോകണം.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, ഇന്ത്യാ ഗവൺമെന്റിന്റെ പബ്ലിക്കേഷൻ വിഭാഗം പ്രസിദ്ധീകരിക്കുന്ന 'യോജന' മുഴുവൻ ഗവൺമെന്റിന്റെ ഔദ്യോഗിക കാര്യങ്ങൾ മാത്രമല്ല സാംസ്കാരികമായും മറ്റ് കലാപരമായുമുള്ള കാര്യങ്ങളെക്കുറിച്ചും പ്രതിപാദിക്കുന്നുണ്ട്. അതിൽ ഒരു മതേതര രാഷ്ട്രമെന്നനിലയിൽ, ആ മതേതര രാഷ്ട്രത്തിലും മത വിശ്വാസികൾക്കും ആചാരങ്ങൾക്കും ഉണ്ടാകേണ്ട പരിധിയെന്താണ്, അവരുടെ സ്വാതന്ത്ര്യമെന്താണ് എന്നതിനെക്കുറിച്ച് ഒരു ഡിസ്കഷൻ ഓപ്പൺ ചെയ്തിട്ടുള്ളതായിട്ടാണ് കാണാൻ കഴിയുന്നത്. ഏതായാലും ശരി മതവികാരങ്ങളെ വ്രണപ്പെടുത്തുന്ന തരത്തിലുള്ള പബ്ലിക്കേഷൻസ് ഉണ്ടാകരുതെന്ന കാര്യം സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽ പ്പെടുത്തുന്നതാണ്.

(29) കാറൽമണ്ണ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി

ശ്രീ. ഇ. പത്മനാഭൻ: സർ, പാലക്കാട് ജില്ലയിൽ 27 വർഷങ്ങൾക്കുമുമ്പ് ആരംഭിച്ചിട്ടുള്ള ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയാണ് കാറൽമണ്ണ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി. തുടർച്ചയായ അവഗണനയാണ് കേരള സർക്കാരും ജലസേചനവകുപ്പും ഇതിൽ കാണിക്കുന്നത്. ഇവിടത്തെ കർഷക സംഘടനകളുടെയും മറ്റു സംഘടനകളുടെയും നിരന്തരമായ നിവേദനത്തിന്റെ ഫലമായി 1958-ൽ ആരംഭിക്കുകയും പിന്നീട് മരവിപ്പിക്കുകയും ചെയ്തിട്ടുള്ള ഈ പദ്ധതി 1981-ൽ പുനരവിഷ്കരിച്ചു. എന്നാൽ പതിവുപോലെ ഈ പ്രദേശത്തോടുള്ള അവഗണന തുടരുകയാണെന്നാണ് തോന്നുന്നു. നാലു വർഷമായിട്ടും ഇതിന്റെ പണി പൂർത്തീകരിച്ചിട്ടില്ല. ഇതിന്റെ കനാലും മറ്റു ജോലികളുമെല്ലാം തീർത്തുകഴിഞ്ഞു. പമ്പിംഗ് ഹൗസിന്റെ നിർമ്മാണം കഴിഞ്ഞിരിക്കുന്നു. പമ്പിംഗ് സെറ്റിനുള്ള ഉത്തരവ് കൊടുത്തുകഴിഞ്ഞിരിക്കുന്നു. പക്ഷേ ഈ കൊല്ലത്തെ ബഡ്ജറ്റിൽ കേവലം ഒരു ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. നാലോ അഞ്ചോ ലക്ഷം രൂപയുണ്ടായാൽ 27 വർഷങ്ങൾക്കുമുമ്പ് തീരുമാനിച്ചിട്ടുള്ള ഈ പദ്ധതി നടപ്പാക്കാൻ കഴിയും. അതിനു വേണ്ടി സത്വരമായ നടപടിയെടുക്കണം. രണ്ടാം വിളയ്ക്കാവശ്യമായിട്ടുള്ള വെള്ളം കൊടുക്കാൻതക്കവണ്ണം പണി പൂർത്തിയാക്കാൻ കഴിയും. വൈദ്യുതിയുടെ പ്രശ്നമാണ് മുഖ്യമായിട്ടും ഉള്ളത്. വൈദ്യുതി ലഭിക്കണം, പമ്പിംഗ് സെറ്റ് ഇറക്കട് ചെയ്യണം. അതിനുവേണ്ട പ്രവർത്തനവും പണവും ഉണ്ടാകണം എന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ജലസേചന വകുപ്പുമന്ത്രി (ശ്രീ. എം. പി. ഗംഗാധരൻ): സർ, കാറൽമണ്ണ ലിഫ്റ്റ് ഇറിഗേഷന്റെ പ്രവർത്തനം വളരെക്കാലമായി മരവിച്ചിരിക്കുകയാണ്. കനാലിന്റെയും പമ്പുഹൗസിന്റെയും പണി തീർന്നുവരുന്നുണ്ട്. ഇപ്പോൾ റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം

LIBRARY ARCHIVES Kerala Legislative Assembly

19 പമ്പ് സെറ്റുകളും വേണം. അതിൽ മിക്കതും എത്തിക്കഴിഞ്ഞു. ഇനി ഒരു പമ്പ് ഹൗസുകൂടി കെട്ടേണ്ടതായിട്ടുണ്ട്. പുതിക്കിയ എസ്റ്റിമേറ് 52.25 ലക്ഷം രൂപയാണ്. ഈ വർഷംതന്നെ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ഒരു ലക്ഷമേ ബഡ്ജറ്റിൽ ഉള്ളൂ. 3.40 ലക്ഷം രൂപയെങ്കിലും ആവശ്യമുണ്ടെന്നാണ് റിപ്പോർട്ട്. മിക്കവാറും കുറച്ച് കൂടുതൽ പണം ചെലവഴിച്ചുകൊണ്ട് ഈ പദ്ധതി വേഗത്തിൽ പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

(30) മാരാരിക്കുളം മണ്ഡലത്തിൽ പൂട്ടിക്കിടക്കുന്ന ഫാക്ടറികൾ

(ശ്രീ. എ. വി. താമരാക്ഷൻ: സർ, മാരാരിക്കുളം നിയോജകമണ്ഡലത്തിൽ ഒന്നരക്കോടി രൂപ മുതൽമുടക്കുള്ള പിയർലൈൻ വയർ പ്രോഡക്ട്സ് 44 മാസമായി പൂട്ടിക്കിടക്കുകയാണ്. അത്രയും തുക മുതൽമുടക്കുള്ള പ്രീമിയർ മൊറാർജി കെമിക്കൽസ് 30 മാസമായി പൂട്ടിക്കിടക്കുകയാണ്. 14 കോടിരൂപയോളം മുതൽമുടക്കുള്ള സ്റ്റീൽ ഇൻഡസ്ട്രീസ് ലിമിറ്റഡിന്റെ കീഴിലുള്ള സ്റ്റീൽ ഫേബ്രിക്കേഷൻ യൂണിറ്റ്, സ്റ്റീൽ കാസ്റ്റിംഗ് യൂണിറ്റ്– രണ്ടു മാസമായി പൂട്ടിക്കിടക്കുകയാണ്. ആയിരത്തിൽപ്പരം തൊഴിലാളികൾ ഈ വ്യവസായശാലകളിൽ പണിയെടുക്കുന്നുണ്ട്. കഴിഞ്ഞ 44 മാസമായി ആലപ്പുഴയിൽ പൂട്ടിക്കിടക്കുന്ന ഈ വ്യവസായ സ്ഥാപനങ്ങൾ തുറന്ന് പ്രവർത്തിക്കുന്നതിന് ആവശ്യമായ നടപടികളെടുക്കണം. യശശ്ശരീരനായ ശ്രീ. ടി. വി. തോമസ് ആലപ്പുഴ ജില്ലയിലെ പിന്നോക്കാവസ്ഥ കണക്കിലെടുത്ത് ആ ജില്ല ഉദ്ധരിക്കുന്നതിനുവേണ്ടി കൊണ്ടുവന്ന വ്യവസായമാകെ തകർന്നിരിക്കുകയാണ്. അടിയന്തിരമായി വ്യവസായ വകുപ്പുമന്ത്രിയും തൊഴിൽ വകുപ്പുമന്ത്രിയും ഈ വ്യവസായ സ്ഥാപനങ്ങൾ തുറന്ന് പ്രവർത്തിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം എന്ന് അഭ്യർത്ഥിക്കുകയാണ്.

വ്യവസായവകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്): സർ, ബഹുമാനപ്പെട്ട മെമ്പറുടെ നിയോജകമണ്ഡലത്തിലെ നിരവധി വ്യവസായയൂണിറ്റുകളിൽ പിയർലൈൻ വയർ പ്രോഡക്ട്സ്, പ്രീമിയർ മൊറാർജി കെമിക്കൽസ്—പണി മുടക്കിക്കിടക്കുകയാണെന്നു പറഞ്ഞത് ശരിയാണ്. പിയർലൈൻ വയർ പ്രോഡക്ട്സ് 1982 ജനുവരി മാസം 18 മുതലാണ് പൂട്ടിക്കിടക്കുന്നത്. അത് പൂട്ടിക്കിടക്കുന്നതിന് നിരവധി കാരണങ്ങളുണ്ട്. അതിനെ സംബന്ധിച്ച് നിരവധി ചർച്ചകളും നടത്തുകയുണ്ടായി. 29-10-1984 ൽ തൊഴിൽ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ഒരു സമ്മേളനം നടന്നു. സഹായം കിട്ടാനായി ഇൻഡസ്ട്രിയൽ റീകൺസ്ട്രക്ഷൻ ബാങ്ക് ഓഫ് ഇൻഡ്യയെ സമീപിച്ചിട്ടുണ്ട്. പിന്നീട് ബഹുമാനപ്പെട്ട മെമ്പറുടെ നിയോജകമണ്ഡലത്തിലെ മറ്റൊരു സ്ഥാപനമായ പ്രീമിയർ മൊറാർജി കെമിക്കൽസും, പൂട്ടിയിടാൻ നിർബന്ധിതമായത് അവർക്ക് സംഘ്യൂറിക് ആസിഡ് കിട്ടാത്തതുകൊണ്ടാണ്. സംഘ്യൂറിക്കാസിഡ് മാനുഫാക്ച്ചർ ചെയ്യുന്ന കോമിൻകോ ബിനാനിയിൽ കൽക്കരിയുടെ ദൗർലഭ്യംമൂലം അതിനു കുറവു വന്നു. അതിനെത്തുടർന്ന് വിഷമമുണ്ടായി. പക്ഷേ അവർക്ക് 1981 മദ്ധ്യത്തോടുകൂടി 50 ടൺ സംഘ്യൂറിക്കാസിഡ് ഉല്പാദിപ്പിയ്ക്കുവാനുള്ള പ്ലാന്റിന് ലൈറൻസ് കിട്ടി. എങ്കിലും ഇത് ഡൈംസി മൊറാർജിയുടെ സഹകരണത്തോടുകൂടി ആരംഭിച്ചിട്ടുള്ള യൂണിറ്റാകയാൽ

LIBRARY ARCHIVES Kerala Legislative Assembly